# SMTGHSS CHELAKKARA



# *RHYTHM*

**LITTLE KITES MAGAZINE 2023-24**

# INDEX


1 പനിനീർ ചെടിയുടെ സൗന്ദര്യം

2 ജലം

3 നക്ഷത്ര പൂക്കൾ

4 കണിക്കൊന്ന പൂത്തപ്പോൾ

5 കൊറോണ

6 അച്ഛനും മകനും

7 അമ്മയും കുഞ്ഞും

8 താരാട്ട്

9 ശാസ്ത്രബോധം

10 പുഴയും ഞാനും



EDITORS

JYOTHISH K S

SALIH K A

ARJUN P M

# പനിനീർ ചെടിയുടെ സൗന്ദര്യം



ഒരു ഗ്രാമത്തിൽ വാടാമല്ലിയും പനിനീർച്ചെടിയും വളർന്നിരുന്നു .വാടാമല്ലി ഇപ്പോഴും ദുഃഖത്തിലായിരുന്നു .കാരണം വാടാമല്ലി വിചാരിക്കും പനിനീർച്ചെടിയുടെ സൗന്ദര്യം എനിക്കുണ്ടായിരുന്നെങ്കിൽ , ഒരു ദിവസം പനിനീർച്ചെടി വാടാമല്ലിയോട് ചോദിച്ചു നീയെന്താ ഇപ്പോഴും ദുഖിച്ചിരിക്കുന്നത് ,വാടാമല്ലി പറഞ്ഞു നിന്നെ കാണാൻ എന്ത് ഭംഗിയാണ് അതുകൊണ്ടു ആളുകൾക്ക് നിന്നെയാണ് ഒത്തിരി ഇഷ്ട്ടം ,അപ്പോൾ പനിനീർച്ചെടി പറഞ്ഞു സൗന്ദര്യത്തിലല്ല കാര്യം ആയുസിലാണ് .ഞാൻ വളർന്നു വലുതാകുന്നതിനു മുൻപേ എന്നെ പറിച്ചെടുത്തു മുടിയിൽ തിരുകില്ലേ ? നിനക്ക് സൗന്ദര്യം കുറച്ചു കുറഞ്ഞാലും ആയുസുണ്ട് .ആരുടെയും ശല്യമില്ലാതെ നിനക്ക് കുറേക്കാലം ജീവിച്ചു നിന്റെ ചെടിയുടെ വേരിൽ തന്നെ പൊഴിഞ്ഞു വീഴാമല്ലോ .

ജ്യോതിഷ് 9 b

# ജലം



കുടിക്കുവാൻ ജലം
അഴുക്കു നീക്കുവാൻ ജലം
കുളിക്കുവാൻ  ജലം
ഭക്ഷണം പാകം ചെയ്യാൻ ജലം
ജലക്ഷാമം നാടിനു കഷ്ടം
ജലം അമൂല്യം അറിയുക ജനങ്ങളെ
എല്ലാത്തിനും ജലം വേണം
അരുത് അരുത്  ജലം പാഴാക്കരുത് .

അർജ്ജൂൻ പിഎം

# നക്ഷത്ര പൂക്കൾ

മണത്തു നിന്നെത്തും
നോക്കിച്ചിരിക്കുന്ന
ഒറ്റനക്ഷത്രം,
മഴയത്തു മണ്ണിൽ
വിത്തായി മുളച്ചൊരു
മരമായി വാനം മുട്ടെ
വളർന്നതിൽ നിറയെ നക്ഷത്ര പൂക്കൾ
പൂത്തുവിടർന്നതും
സ്വപ്നം കണ്ടുറങ്ങിപ്പോയി

സാലിഹ്

# കണിക്കൊന്ന പൂത്തപ്പോൾ



വിഷുക്കാലം വന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ ,
കണ്ണിനു കണിയായി
പൊന്നിൻ നിറമായല്ലോ
വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതക്കാറായി
കണി മുമ്പിൽ നിറയുവാൻ
കതിരിട്ടു പാടങ്ങൾ
പൊൻതളിക ഒരുക്കുന്നു
കണിവെള്ളരി കണ്ണിമാങ്ങാ
കൃഷിക്കാലം പൊലിക്കട്ടെ
അകമെല്ലാം നിറയട്ടെ .

കെ സാരംഗ്

# കൊറോണ

കൊറോണ എന്നൊരു വ്യാധി
ലോകമാകെ പകർന്നു
നാട്ടിലും വീട്ടിലും നഗരങ്ങളിലും പകർന്നു
വിദ്യാലയങ്ങളും പൊതുസ്ഥാപനങ്ങളും പൂട്ടി
കോറോണയെന്നൊരു മഹാമാരിയെ
നമുക്കൊരുമിച്ചു നേരിടാം

നിഹാല

# അച്ഛനും മകനും

അച്ഛനും മകനും കൂടി ഉമ്മറത്തു ഇരിക്കുകയായിരുന്നു.അച്ഛൻ ഒരു വൃദ്ധൻ ആയിരുന്നു .അപ്പോൾ ഒരു കിളി അവിടെ  പറന്നു വന്നിരുന്നു അപ്പോൾ അച്ഛൻ ചോദിച്ചു അത് എന്ത് കിളിയാണ് മോനെ ,അത് ഒരു കുരുവിയാണച്ഛാ .അങ്ങനെ മൂന്ന് തവണ ചോദിച്ചപ്പോൾ മകന് ദേഷ്യം വന്നു .അച്ഛൻ സങ്കടത്തോടെ മുറിയിലേക്ക് കയറിപ്പോയി .മകൻ അച്ഛന്റെ അടുത്ത് ചെന്ന് ഇരുന്നു .അപ്പോൾ അച്ഛൻ പറഞ്ഞു നീ ചെറുതായിരുന്നപ്പോൾ ഒരു കിളി വന്നിരുന്നു ,അത് എന്ത് കിളിയാണെന്നു നീ മുപ്പത്തിമൂന്നു വട്ടം ചോദിച്ചു ,ചോദിച്ചപ്പോഴൊക്കെ ഞാൻ നിന്നോട് ദേഷ്യം വരാതെ പറഞ്ഞു തന്നു ,അതൊരു കുരുവിയാണ് മോനെ എന്ന് .

അഭിജിത്  9 E

# അമ്മയും കുഞ്ഞും



എന്നിൽ മുളച്ച പുൽക്കൊടിയെ
അസ്ഥികൾ നുറുങ്ങിയ വേദനയിലും
എനിക്കായി ഒരു പുഞ്ചിരി നല്കിയവനെ
എന്നോട് ചേർന്ന് നീയേറ്റ ഇളം വെയിലും
എൻ വിരലുകൾ ചേർത്തുപിടിച്ചും
നീ നടന്ന വഴികളും
ഇന്നും എൻ ഓർമ്മകൾ ഇത്രമാത്രം
നീ നടന്നുപോയ വഴികളിലോ
നിൻ മിഴികൾ കണ്ട കാഴ്ചകളോ
കണ്ടുവോ നീ ഈ പെറ്റവളെ
മകനെ എന്ന് ഞാൻ ആദ്യമായി വിളിച്ചവനെ
പറയാൻ മറന്ന വാക്കുകളുമായി നീ മറഞ്ഞ നാൾ
ഓർത്തു പോയി ഞാൻ എൻ അമ്മയെ
നെഞ്ചിലെ കോണിലെ മുറിവുകൾ മറന്നും
ഇന്നുമെൻ പ്രാർത്ഥന നിനക്ക് മാത്രം

അർജ്ജുൻ കൃഷ്ണ 9E

## താരാട്ട്

താരാട്ടിനെപ്പോഴും
വലിവിന്റെ താളമായിരുന്നു
ദാരിദ്ര്യത്തിന്റെ ഈണവും
മൽമുണ്ടിന്റെ കോന്തലത്തുമ്പിലെ
കണ്ണീരിന്റെ നാണവും

ലക്ഷ്മീദേവി ടീച്ചർ

## ശാസ്ത്രബോധം

രേഖ ടീച്ചർ
ചന്ദ്ര ദിനത്തിൽ
ചന്ദ്രയാനെക്കുറിച്ച്
വാചാലയായി
കുട്ടികളിൽ ശാസ്ത്രബോധത്തിന്റെ
വിത്തുപാകി
ചാരിതാർത്ഥയായി
വൈകിട്ട് വീട്ടിലെത്തി
മുറ്റത്തെ കറിവേപ്പുതൈ
വാടിക്കരിഞ്ഞത് കണ്ട്
തൊട്ടപ്പുറത്തെ അമ്മാളുവിന്റെ
കണ്ണേറുകൊള്ളാതിരിക്കാൻ
ഉപ്പും മുളകും ചേർത്ത്
മൂന്നുവട്ടം ചുറ്റുമുഴിഞ്ഞു
ദൂരേക്ക് വലിച്ചെറിഞ്ഞു
വേപ്പിൻ തൈ
അമ്മാളുവിന്റെ കണ്ണെത്താ
ദൂരേക്ക്
മാറ്റി നട്ട്
വീണ്ടും ചാരിതാർത്ഥയായി ...

ലക്ഷ്മീദേവി ടീച്ചർ

# പുഴയും ഞാനും

ഒരു പുഴയെ ഞാൻ
ഒളിപ്പിച്ചു വച്ചിട്ടുണ്ട്
ആരുമറിയാതെ
പുഴയ്ക്കൊപ്പം
മണലും വന്നിരുന്നു
മണലിനൊപ്പം
ബലിച്ചോറും
തർപ്പണം ചെയ്ത
ഇലക്കീറും
എല്ലിൻകഷ്ണങ്ങളും
ബലിക്കാക്കയും
ഒളിച്ചു വച്ച പുഴ
ഇടക്കൊക്കെ നിറഞ്ഞൊഴുകാറുണ്ട്
രണ്ടു കരകളും കവിഞ്ഞു
ചുകന്ന പതഞ്ഞു
പുഴയോടൊപ്പം ഞാനും
ഒഴുകാറുണ്ട്
ഇരുകരകളും കവിഞ്ഞു
ചുകന്ന് പതഞ്ഞു

# THANKS

